# 3 . തെരഞ്ഞെടുപ്പും പ്രാതിനിധ്യവും

## പ്രത്യക്ഷ ജനാധിപത്യം

ഗവൺമെന്റിന്റെ പ്രവർത്തനങ്ങളിൽ പൗരന്മാർ നേരിട്ട് ഇടപെടുന്ന ജനാധിപത്യ രീതിയാണ് പ്രത്യക്ഷ ജനാധിപത്യം. പൗരാണിക ഗ്രീസിലെ നഗരരാഷ്ട്രങ്ങളും ഇന്ത്യയിൽ പഞ്ചായത്ത് സംവിധാനത്തിലെ ഗ്രാമസഭകളും പ്രത്യക്ഷ ജനാധിപത്യത്തിന് ഉദാഹരണങ്ങളാണ്. വിസ്തൃതമായ ഭൂപ്രദേശവും ഉയർന്ന ജനസംഖ്യയുമുള്ള ആധുനിക രാഷ്ട്രങ്ങളിൽ പ്രത്യക്ഷ ജനാധിപത്യം പ്രായോഗികമല്ല.

## പരോക്ഷ ജനാധിപത്യം

പരോക്ഷ ജനാധിപത്യത്തിൽ തീരുമാനങ്ങൾ എടുക്കുന്നതും ഭരണം നടത്തുന്നതും ജനപ്രതിനിധികളാണ്. പ്രായപൂർത്തിയായ വോട്ടർമാർ തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നു.

## ഇന്ത്യയിലെ തെരഞ്ഞെടുപ്പ് സമ്പ്രദായം

## ഫസ്റ്റ് പാസ്റ്റ് ദ് പോസ്റ്റ് സിസ്റ്റം (FPTP സംവിധാനം)

ഇന്ത്യയിലെ ലോക് സഭ പ്രതിനിധികളെയും നിയമസഭാ പ്രതിനിധികളെയും തെരഞ്ഞെടുക്കുന്നത് FPTP സമ്പ്രദായം മുഖേനയാണ് . FPTP സംവിധാനം **ബഹുത്വ വ്യവസ്ഥ** എന്നും അറിയപ്പെടുന്നു.

## FPTP സമ്പ്രദായത്തിന്റെ സവിശേഷതകൾ

- രാജ്യത്തെ ചെറിയ നിയോജക മണ്ഡലങ്ങളായി തിരിക്കുന്നു.
- ഒരു നിയോജക മണ്ഡലത്തിൽ നിന്നും ഒരു പ്രതിനിധിയെ തെരഞ്ഞെടുക്കുന്നു.
- വോട്ടർമാർ സ്ഥാനാർത്ഥികൾക്ക് വോട്ട് രേഖപ്പെടുത്തുന്നു.
- തെരഞ്ഞെടുപ്പിൽ ലഭിച്ച വോട്ടിനേക്കാൾ കൂടുതൽ ശതമാനം സീറ്റുകൾ പാർട്ടികൾക്ക് ലഭിക്കുവാൻ സാധ്യതയുണ്ട്.
- തെരഞ്ഞെടുപ്പിൽ വിജയിക്കുവാൻ ഭൂരിപക്ഷം വോട്ടുകൾ ലഭിക്കണമെന്നില്ല.

## ആനുപാതിക പ്രാതിനിധ്യം

രാജ്യസഭാ MP മാരെയും രാഷ്ട്രപതിയെയും ഉപരാഷ്ട്രപതിയെയും തെരഞ്ഞെടുക്കുന്നത് ആനുപാതിക പ്രാതിനിധ്യ വ്യവസ്ഥയിലൂടെയാണ്.

*VISIT E PLUS KERALA YOUTUBE CHANNEL FOR VIDEO CLASSES*

## ഏക കൈമാറ്റ വോട്ട് വ്യവസ്ഥ

രാജ്യസഭ അംഗങ്ങളെ തെരഞ്ഞെടുക്കുന്നത് ആനുപാതിക പ്രാതിനിധ്യ വ്യവസ്ഥയുടെ വകഭേദമായ ഏക കൈമാറ്റ വോട്ട് വ്യവസ്ഥയിലൂടെയാണ്. രാജ്യസഭ തെരഞ്ഞെടുപ്പിൽ വിജയിക്കുവാൻ ഓരോ സ്ഥാനാർത്ഥിയും ഒരു നിശ്ചിത എണ്ണം വോട്ട് നേടിയിരിക്കണം . ഓരോ വോട്ടറും സ്ഥാനാർത്ഥികൾക്കുള്ള തന്റെ മുൻഗണന ബാലറ്റ് പേപ്പറിൽ രേഖപ്പെടുത്തണം. ഒന്നാം മുൻഗണന വോട്ടുകൾ എണ്ണി കഴിഞ്ഞതിനു ശേഷം നിശ്ചിത എണ്ണം പ്രതിനിധികളെ തെരഞ്ഞെടുക്കുവാൻ സാധിക്കുന്നില്ലെങ്കിൽ ഏറ്റവും കുറവ് വോട്ട് നേടിയ സ്ഥാനാർത്ഥിയെ മത്സരത്തിൽ നിന്നും പുറത്താക്കുകയും അയാൾക്ക് ലഭിച്ച വോട്ടുകൾ രണ്ടാം മുൻഗണനാ നേടിയ സ്ഥാനാർത്ഥിയ്ക്ക് കൈമാറ്റം ചെയ്യുകയും ചെയ്യുന്നു. നിശ്ചിത എണ്ണം പ്രതിനിധികളെ തെരഞ്ഞെടുക്കുന്നത് വരെ ഈ പ്രക്രിയ തുടരുന്നു.

## ആനുപാതിക പ്രാതിനിധ്യ വ്യവസ്ഥയുടെ സവിശേഷതകൾ

- രാജ്യത്തെ ഒരു നിയോജക മണ്ഡലമായോ വലിയ നിയോജക മണ്ഡലങ്ങളായോ തിരിക്കുന്നു.
- ഒരു നിയോജക മണ്ഡലത്തിൽ നിന്നും ഒന്നിലധികം പ്രതിനിധികളെ തെരഞ്ഞെടുക്കുന്നു.
- വോട്ടർമാർ പാർട്ടിക്ക് വോട്ട് രേഖപെടുത്തുന്നു.
- തെരഞ്ഞെടുപ്പിൽ ലഭിച്ച വോട്ടിന് ആനുപാതികമായി പാർട്ടികൾക്ക് സീറ്റുകൾ ലഭിക്കുന്നു.
- തെരഞ്ഞെടുപ്പിൽ വിജയിക്കുവാൻ ഭൂരിപക്ഷം വോട്ടുകൾ ലഭിക്കണം.

## നിയോജക മണ്ഡലങ്ങളുടെ സംവരണം

ഇന്ത്യൻ സമൂഹത്തിലെ പിന്നോക്ക വിഭാഗങ്ങളുടെ പ്രതിനിധികൾ ജനപ്രതിനിധികൾ ആകുന്നതിനു വേണ്ടിയാണ് സംവരണം ഏർപ്പെടുത്തിയിരിക്കുന്നത്. ഒരു ജാതിയിൽ പെട്ട പ്രതിനിധിയെ തെരഞ്ഞെടുക്കുന്നതിനായി അതെ ജാതിയിൽ പെട്ട അംഗങ്ങൾ മാത്രം ഉൾകൊണ്ട **പ്രത്യേക നിയോജക മണ്ഡലങ്ങൾ** രൂപീകരിക്കുന്ന രീതിയാണ് ബ്രിട്ടീഷുകാർ ഇന്ത്യയിൽ നടപ്പിലാക്കിയത്. എന്നാൽ ഈ രീതി ജാതീയമായ വേർതിരിവുകൾക്ക് കാരണമാകും എന്ന് കണക്കു കൂട്ടിയ ഇന്ത്യൻ ഭരണഘടനാ നിർമാതാക്കൾ **സംവരണ മണ്ഡലം** എന്ന ആശയമാണ് സ്വതന്ത്ര ഇന്ത്യയിൽ നടപ്പിലാക്കിയത്. സംവരണ നിയോജക മണ്ഡലങ്ങളിൽ പ്രത്യേക ജാതിയിൽ പെട്ടയാൾക്ക് മാത്രമേ സ്ഥാനാർത്ഥിയാകുവാൻ സാധിക്കുകയുള്ളൂ. എന്നാൽ ആ മണ്ഡലത്തിലെ എല്ലാ ജാതിയിൽ പെട്ട സമ്മതിദായകരും തെരഞ്ഞെടുപ്പിൽ

വോട്ട് ചെയ്യുന്നു. നിലവിൽ പട്ടിക ജാതി, പട്ടിക വർഗ വിഭാഗങ്ങൾക്കാണ് പാർലമെന്റിലും സംസ്ഥാന നിയമ സഭകളിലും സംവരണമുള്ളത്.

## അതിർത്തി നിർണയ കമ്മീഷൻ

അതിർത്തി നിർണയ കമ്മീഷനെ നിയമിക്കുന്നത് രാഷ്ട്രപതിയാണ്. നിയോജക മണ്ഡലങ്ങളുടെ അതിർത്തികൾ നിർണയിക്കുന്നതും സംവരണ മണ്ഡലങ്ങൾ തീരുമാനിക്കുന്നതും അതിർത്തി നിർണയ കമ്മീഷനാണ് . പട്ടിക വർഗ വിഭാഗക്കാർ കൂടുതലുള്ള മണ്ഡലങ്ങളാണ് പട്ടിക വർഗ വിഭാഗത്തിനായി സംവരണം ചെയ്യുക. പട്ടിക ജാതി മണ്ഡലങ്ങൾ തീരുമാനിക്കുമ്പോൾ മണ്ഡലങ്ങളിലെ പട്ടിക ജാതി വിഭാഗത്തിന്റെ അംഗസംഖ്യക്കൊപ്പം ഈ മണ്ഡലങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ആയി അനുവദിക്കുവാനും കമ്മീഷൻ ശ്രദ്ധിക്കുന്നു.

## സ്വതന്ത്രവും നിഷ്പക്ഷവുമായ തെരഞ്ഞെടുപ്പ്

### സാർവത്രിക വോട്ടവകാശം

ഒരു രാജ്യത്തിലെ പ്രായപൂർത്തിയായ എല്ലാ പൗരന്മാർക്കും വോട്ടവകാശം നൽകുന്നതിനെയാണ് പ്രായപൂർത്തി വോട്ടവകാശം എന്ന് പറയുന്നത്. 1989 വരെ 21 വയസ്സ് പൂർത്തിയായവർക്കായിരുന്നു ഇന്ത്യയിൽ വോട്ടവകാശം ഉണ്ടായിരുന്നത്. എന്നാൽ അറുപത്തിയൊന്നാം ഭരണഘടനാ ഭേദഗതിയിലൂടെ പ്രായപരിധി 18 വയസ്സായി കുറച്ചു. സമത്വം, വിവേചനമില്ലായ്മ എന്നീ ആശയങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ് സാർവത്രിക വോട്ടവകാശം.

### മത്സരിക്കുവാനുള്ള അവകാശം

ഒരു നിശ്ചിത പ്രായപരിധി കഴിഞ്ഞ എല്ലാ പൗരന്മാർക്കും തെരഞ്ഞെടുപ്പിൽ മത്സരിക്കുവാനുള്ള അവകാശമുണ്ട്. ലോക്സഭയിലേക്കും നിയമസഭകളിലേയ്ക്കും മത്സരിക്കുവാനുള്ള പ്രായപരിധി 25 വയസ്സും രാജ്യസഭയിലേക്കുള്ള പരിധി 30 വയസ്സുമാണ്.

### സ്വതന്ത്രമായ തെരഞ്ഞെടുപ്പ് കമ്മീഷൻ

സ്വതന്ത്രവും നിക്ഷപക്ഷവുമായ തെരഞ്ഞെടുപ്പ് നടത്തുന്നതിന് വേണ്ടി ഒരു തെരഞ്ഞെടുപ്പ് കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. **സുകുമാർ സെൻ** ആയിരുന്നു ഇന്ത്യയുടെ ആദ്യത്തെ തെരഞ്ഞെടുപ്പ് കമ്മീഷണർ. 1989 വരെ ഏകാംഗ കമ്മീഷൻ ആയിരുന്ന തെരഞ്ഞെടുപ്പ് കമ്മീഷൻ നിലവിൽ മൂന്ന് അംഗങ്ങൾ അടങ്ങിയ സമിതിയാണ്.

## തെരഞ്ഞെടുപ്പ് കമ്മീഷന്റെ ചുമതലകൾ

- വോട്ടർ പട്ടിക തയ്യാറാക്കുക.
- ഇലക്ഷന്റെ സമയക്രമം തീരുമാനിക്കുക.
- മാതൃക പെരുമാറ്റചട്ടം തയ്യാറാക്കുക.
- അത്യാവശ്യ സാഹചര്യങ്ങളിൽ തെരഞ്ഞെടുപ്പ് മാറ്റി വെയ്ക്കുക .
- പ്രശ്നബാധിത പ്രദേശങ്ങളിൽ ആവശ്യത്തിനുള്ള മുൻകരുതലുകൾ എടുക്കുക.
- ക്രമക്കേടുകൾ നടന്ന ബൂത്തുകളിലോ മണ്ഡലങ്ങളിലോ തെരഞ്ഞെടുപ്പ് റദ്ദാക്കി വീണ്ടും തെരഞ്ഞെടുപ്പ് നടത്തുക.
- തർക്കം ഉന്നയിക്കപ്പെടുകയാണെങ്കിൽ വീണ്ടും വോട്ട് എണ്ണുവാൻ തീരുമാനിക്കുക.
- രാഷ്ട്രീയ പാർട്ടികൾക്ക് അംഗീകാരവും ചിഹ്നവും നൽകുക.

## തെരഞ്ഞെടുപ്പ് പരിഷ്കാരങ്ങൾ


ലോകത്തിലെ മികച്ച തെരഞ്ഞെടുപ്പ് വ്യവസ്ഥകളിൽ ഒന്നാണ് ഇന്ത്യയിൽ നിലനിൽക്കുന്നത്. എന്നാൽ ഇന്ത്യൻ തെരഞ്ഞെടുപ്പ് വ്യവസ്ഥയും പരിപൂർണമല്ല . ഇന്ത്യൻ തെരഞ്ഞെടുപ്പ് വ്യവസ്ഥ കൂടുതൽ മികവുറ്റതാക്കുന്നതിനായി സ്വീകരിക്കാവുന്ന ചില നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഇന്ത്യയിലെ തെരഞ്ഞെടുപ്പ് ആനുപാതിക പ്രാധിനിത്യ വ്യവസ്ഥയിലേക്ക് മാറ്റുക.
2. സ്ത്രീ സംവരണം നടപ്പിലാക്കുക.
3. തിരഞ്ഞെടുപ്പുകളിൽ പണത്തിന്റെ പങ്ക് നിയന്ത്രിക്കുന്നതിന് കർശനമായ വ്യവസ്ഥകൾ ഏർപ്പെടുത്തുക.
4. ക്രിമിനൽ പശ്ചാത്തലമുള്ള സ്ഥാനാർത്ഥികളെ തിരഞ്ഞെടുപ്പിൽ നിന്ന് വിലക്കുക.
5. ജാതിയും മതപരമായ തെരഞ്ഞെടുപ്പ് പ്രചാരണം പൂർണ്ണമായും നിരോധിക്കുക.
6. രാഷ്ട്രീയ പാർട്ടികളുടെ പ്രവർത്തനം സുതാര്യവും ജനാധിപത്യപരവുമാക്കുക.

.PREPARED BY

**MATHEW JOSEPH**
GHSS KOZHICHAL

CLICK ON THE IMAGE




VISIT E PLUS KERALA YOUTUBE CHANNEL FOR VIDEO CLASSES